പ്രധാനമായും നെല്ല് സംഭരിക്കുന്നത്. ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല കമ്മിറ്റികൾ സംഭരണ വില നിശ്ചയിക്കുക, സംഭരണ ഏജൻസികളെ നിയമിക്കുക, സംഭരണ പ്രക്രിയ അവലോകനം ചെയ്തു യഥാസമയം വേണ്ട നടപടികൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കുന്നു. കൂടാതെ കർഷകരിൽ നിന്ന് സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ എന്നിവ സംഭരിച്ച നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങി അരിയാക്കി എഫ്. സി. ഐ. ക്ക് നൽകി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന പദ്ധതിക്ക് അനുമതി നൽകുകയും അതു പ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി)

	വെള്ള	*ചുവപ്പ്*
ആലപ്പുഴ	-	750
പത്തനംതിട്ട	-	725
തൃശ്ശൂർ	700	720
കോട്ടയം	740	-
പാലക്കാട്	750	700

(സി) 110657.958 മെട്രിക് ടൺ നെല്ല് സംഭരിച്ചു.

(ഡി) വിവിധ ഏജൻസികളുടെ ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു.† ഏജൻസികൾ മുഖേന സംഭരിച്ച നെല്ലിന്റെ കൃത്യമായ കണക്ക് ശേഖരിച്ചു വരുന്നു.

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ കരാറിലേർപ്പെട്ട മില്ലുകളിലൂടെ കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾക്കനുസരിച്ച് സംസ്ഥാനത്തെ കർഷകരിൽ നിന്ന് സംഭരിച്ച നെല്ല് സംസ്കരിച്ച് അരിയാക്കി അംഗീകൃത റേഷൻ മൊത്ത വിതരണക്കാർക്ക് കൈമാറി റേഷൻ കടകൾവഴി വിതരണം നടത്തുവാനുള്ള വ്യവസ്ഥയിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

(എഫ്) ഇല്ല.

കോവളം കൊട്ടാരവും അനുബന്ധപ്രദേശങ്ങളും ഏറ്റെടുക്കാൻ സമഗ്രമായൊരു നിയമനിർമ്മാണം

*16 [63] *ശ്രീ. എം. വി. ജയരാജൻ:*
" പിരപ്പൻകോട് മുരളി:
ഡോ. തോമസ് ഐസക്:
ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കോവളം കൊട്ടാരവും അനുബന്ധപ്രദേശങ്ങളും ഏറ്റെടുക്കുവാൻ സമഗ്രമായൊരു നിയമനിർമ്മാണം നടത്താൻ സർക്കാർ തയ്യാറാകുമോ;

(ബി) ഐ. ടി. ഡി. സി. നടത്തിയ ഹോട്ടൽ വിൽപനയുടെ മറവിൽ ഹോട്ടലുടമ കോവളം കടൽത്തീരവും സർക്കാർ ഉപയോഗിച്ചുവന്നിരുന്ന ഏതാനും കെട്ടിട സമുച്ചയങ്ങളും തങ്ങളുടെ അധീനതയിലാക്കിയതിനെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ ഫലപ്രദമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) കൊട്ടാരം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേരള ഹൈക്കോടതിയിൽ ഉണ്ടായ കേസിന്റെ വിധി എന്തായിരുന്നു എന്ന് വിശദമാക്കാമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*:

(എ) കോവളം കൊട്ടാരവും അനുബന്ധപ്രദേശങ്ങളും ഏറ്റെടുത്തുകൊണ്ട് സർക്കാർ 9-5-2005 തീയതിയായി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. സമഗ്രമായ ഒരു നിയമനിർമ്മാണം നടപ്പുനിയമസഭാ സമ്മേളനത്തിൽ അവതരിപ്പിച്ച് നിയമമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഫലപ്രദമായിട്ടുണ്ട്.

(സി) കോവളം കൊട്ടാരവും അനുബന്ധപ്രദേശങ്ങളും ഏറ്റെടുത്തുകൊണ്ട് സർക്കാർ 25-9-2004-ൽ പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കിക്കൊണ്ട് കൊട്ടാരവും വസ്തുവകകളും പരാതിക്കാരന് തിരികെ നൽകണമെന്നും പതിനായിരം രൂപ ഒന്നാം പരാതിക്കാരന് സർക്കാർ നൽകണമെന്നും കോടതിവിധിയിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ നിയമപരമായ അനന്തര നടപടികൾ സ്വീകരിക്കുന്നതിന് പ്രസ്തുത വിധി സർക്കാരിന് തടസ്സമാവില്ല എന്നും പ്രത്യേകമായി വിധിയിൽ എടുത്തു പറഞ്ഞിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ച നെല്ലിന്റെ കണക്ക്

*17 [64] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. മഞ്ഞളാംകുഴി അലി :
,, രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നുമുതലാണ് നെല്ല് സംഭരിക്കാൻ തുടങ്ങിയത്;

LIBRARY ARCHIVES Kerala Legislative Assembly